**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - സംസ്ഥാനത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ 54 കോസ്റ്റൽ വാർഡൻമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2343/2025/HOME തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. 03.09.2018 തീയതിയിലെ സ.ഉ.(പി) നം.141/2018/ആഭ്യന്തരം നമ്പർ ഉത്തരവ്
2. സംസ്ഥാന പോലീസ് മേധാവിയുടെ 05.12.2024 തീയതിയിലെ S4-48916/2024/PHQ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരംമത്സ്യത്തൊഴിലാളിവിഭാഗങ്ങളിൽ നിന്നും 200 പേർക്ക് കോസ്റ്റൽ വാർഡൻമാരായി 14 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കരാർ നിയമനം നൽകിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഇവരുടെ കരാർ നിയമന കാലാവധി സർക്കാർ നീട്ടി നൽകിയിട്ടുണ്ട്. കേരള പോലീസ് അക്കാദമിയിൽ നാല് മാസക്കാലം ആവശ്യമായ പരിശീലനം നൽകിക്കൊണ്ടാണ് ഇവരെ നിയമിക്കുന്നത്. സംസ്ഥാനത്തെ 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലുമായി 145 കോസ്റ്റൽ വാർഡൻമാരാണ് നിലവിൽ ഉള്ളത്. കോസ്റ്റൽ പോലീസ് പ്രവർത്തനങ്ങൾക്ക് ഇവരുടെ സേവനം അനിവാര്യമാണെന്നും ഇവരുടെ ഒഴിവുകൾ അടിയന്തരമായി നികത്തേണ്ടതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിട്ടുണ്ട്.

2.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള 54 കോസ്റ്റൽ വാർഡന്മാരുടെ ഒഴിവുകളിലേക്ക് കരാർ

വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബീന പി.എസ്

അഡിഷണൽ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 4/7/2025 തീയതിയിലെ 2692682 : EXP-A4/75/2024-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (പി4/356/2024-ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 11-07-2025 15:27:36

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്